# ആമുഖം

മുകുന്ദവിലാസം എൽ.പി. സ്കൂളിലെ മുഴുവൻ കുട്ടികളെയും സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേർക്കുന്നതിനായി സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ഉത്തരവണ്ണ വിഭാവനം ചെയ്തിരിക്കുന്നു. മുകുന്ദവിലാസം എൽ.പി. സ്കൂളിനെ സംബന്ധിച്ചിടത്തോളം തീരദേശ മേഖലകളിൽ നിന്നുവരുന്ന വിവിധ നിലകളിലും വിവിധ തലങ്ങളിലും ഉള്ള കുട്ടികളും ഭിന്നശേഷിക്കാരായ കുട്ടികളും ഉൾക്കൊള്ളുന്ന ഒരു കുടുംബമാണ്.

പലതട്ടിലുള്ള കുഞ്ഞുങ്ങളെ മാനസികമായും, ബൗദ്ധികമായും വൈകാരികമായും കഴിവുകളെ മുഖ്യധാരയിൽ കൊണ്ടുവരിക എന്നത് ശ്രമകരമായ ഒരു കാര്യമാണ്. എങ്കിലും എല്ലാവരിലും എഴുത്ത്, വായന, ഇംഗ്ലീഷ് സംസാരിക്കാനുള്ള ശേഷി, സ്വതന്ത്ര പ്രതികരണങ്ങൾ, ശില്പശാലകൾ, രചനകൾ, ചതുഷ്ക്രിയകൾ ഉൾക്കൊള്ളുന്ന ഗണിതാശയങ്ങൾ, പ്രശ്ന പരിഹരണ ശേഷി, ശാസ്ത്ര മനോഭാവം, പരിസ്ഥിതിസംരക്ഷണം തുടങ്ങി വിവിധ മേഖലകൾ കുട്ടികളിൽ നേടിയെടുക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

പഠനപ്രവർത്തനങ്ങൾ ശിശുസൗഹൃദപരമായും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം

ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റു സഹായികൾ ഉൾപ്പെട്ടു കൊണ്ട് ജൂൺ മുതൽ മാർച്ചുവരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായി എന്നുറപ്പുവരുത്തുക
- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും, അത് പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- മുഴുവൻ കുട്ടികൾക്കും ICT സാധ്യത ഉറപ്പുവരുത്തുക.
- ഗവേഷണാത്മക അധ്യാപനത്തിനും, പഠനത്തിനും അവസരം ഒരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുക.
- കുട്ടികളിൽ പരിസ്ഥിതി സ്നേഹം വളർത്തുന്നതിനും ശാസ്ത്രാവബോധം ഉണ്ടാക്കുന്നതിനുമായി പഠനയാത്രകൾ, പരീക്ഷണങ്ങൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക.
- ജൈവ വൈവിധ്യ ഉദ്യാനം, പച്ചക്കറിത്തോട്ടം എന്നിവ സംരക്ഷിക്കുക, മെച്ചപ്പെടുത്തുക, ഫല വൃക്ഷങ്ങൾ നട്ടു വളർത്തുക
- കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനായ് ലൈബ്രറി ഉപയോഗപ്പെടുത്തുക.
- കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായ് കായിക പ്രവർത്തനങ്ങൾ, സുംബ ഡാൻസ് എന്നിവ നടപ്പിലാക്കുക.

Scanned with OKEN Scanner

• സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങൾ English test, വായനോത്സവം, ഗണിതോത്സവം, പഠനോത്സവം തുടങ്ങിയവ സംഘടിപ്പിക്കുക. സംയുക്തഡയറി, ക്ലാസ് പത്രം, മാഗസിൻ എന്നിവ പ്രസിദ്ധപ്പെടുത്തുക.

Scanned with OKEN Scanner

# മലയാളം.

| ക്രമ നമ്പർ | പ്രവർത്തനം | കാലം | ക്ലാസ് | ലക്ഷ്യം | നിർവഹണ ചുമതല |
|---|---|---|---|---|---|
| 1 | 'ഒന്നൊരുക്കം' പ്രവർത്തനങ്ങൾ. ചിത്രവായനക്ക് അവസരം ഒരുക്കുന്ന വാചികവായി[?] പറയൽ. ചിത്രക്കാർഡുകൾ, വായനാ കാർഡുകൾ നിർമ്മാണ ശില്പശാല. വായനാമൂല ഒരുക്കൽ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ഒരുക്കൽ കഥ കേൾക്കാൻ അവസരം ഒരുക്കൽ - അമ്മവായന വായനാക്കുറിപ്പ് തയ്യാറാക്കൽ അസംബ്ലിയിൽ പത്രവായന സംയുക്ത ഡയറി സഹായം ഒരുക്കൽ. കഥ പറയാൻ അവസരം ഒരുക്കൽ വിവരണം, അടിക്കുറിപ്പ് തയ്യാറാക്കൽ, ആസ്വാദനക്കുറിപ്പ് | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്. | 1 മുതൽ 4 വരെ | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ് അധ്യാപകർ<br>രക്ഷിതാക്കൾ<br>പൂർവവിദ്യാർത്ഥികൾ |
| 2. | ദൈനംദിന ഡയറി എഴുത്തിലൂടെ 1. 2. ക്ലാസുകളിലെ കുട്ടികളുടെ ലേഖനം മെച്ചപ്പെടുത്താൻ സാധിക്കുന്ന ലഘുപതിപ്പുകൾ തയ്യാറാക്കൽ<br>രചനാ ശില്പശാല, കഥ, കവിത രചനകൾക്കുള്ള അവസരം ഒരുക്കൽ. സംഭാഷണം എഴുതൽ, ആസ്വാദനക്കുറിപ്പ്, നോട്ടീസ് പോസ്റ്റർ ഇവയുടെ നിർമ്മാണം. | ആഗസ്റ്റ് മുതൽ മാർച്ച് വരെ.<br>" | | എല്ലാ കുട്ടികളും അക്ഷരത്തെറ്റില്ലാതെ എഴുതുന്നു. | ഭാഷാധ്യാപകർ, രക്ഷിതാക്കൾ |
| 3. | അനുഭവങ്ങൾ പങ്കിടാൻ അവസരം ഒരുക്കൽ. ബാലസഭ, അനൗൺസ്മെന്റ് | വെള്ളിയാഴ്ച തോറും | | സംഭാഷണ മികവ് ഉറപ്പുവരുത്തുക. | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 4. | പഠനോപകരണ നിർമ്മാണം ഉല്പന്നങ്ങളുടെ പ്രദർശനം മികവുത്സവം, കോർണർ PTA കളിൽ അവതരണം. | അധ്യയന വർഷം | 1 മുതൽ 4 വരെ സർഗാത്മക കഴിവുകൾ വളർത്തുക. | സർഗാത്മക കഴിവുകൾ വളർത്തുക | PTA വിദഗ്ധർ |
| 5. | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ചിത്ര രചന, നിറം നൽകൽ [illegible], എല്ലാ പ്രവർത്തനങ്ങളിലും മറ്റുള്ളവരോടൊപ്പം നിർത്തുന്നു. | വർഷം മുഴുവൻ | പ്രത്യേക പരിഗണന അർഹിക്കുന്നവർ. | | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ IED Tr. |

# ENGLISH

| Sl. No | Activities | Class | Time | Aim | Duty |
| --- | --- | --- | --- | --- | --- |
| 1. | Rhymes, Language games, conversation, Hello English activities, stories, Describe orally about pictures and objects | 1-4 | June July August | Enhance Listerning & speaking skills of children. | class Teacher |
| 2. | English assembly, Reading Corner, Preparing reading cards. Add more lines. | | once in a week | Enhance reading skills. | class Teacher Parents |
| 3. | English theatre. Perform skit, drama, Coversation, story telling, make word web, word chain, sentence chain, description, riddles | 1-4 | September to March | Enhance Creativity | |
| 4. | Diary, description Thoughts Exhibitions. Library book reading Develop story | | January to march. | speak english fluently Read and write english fluently | |
| 5 | English Fest. | 1-4 | March | SRG Class Teacher | SRG class Teacher |

Scanned with OKEN Scanner

# പരിസര പഠനം

| ക്രമ നമ്പർ | പഠനപ്രവർത്തനം | ക്ലാസ് | കാലയളവ് | ലക്ഷ്യങ്ങൾ | നിർവഹണ ചുമതല |
|---|---|---|---|---|---|
| 1. | പ്രകൃതി നടത്തം. ചുറ്റുപാടുകളെ നിരീക്ഷിക്കൽ, ആവാസവ്യവസ്ഥകൾ ജീവികളുടെ അനുകൂലനങ്ങൾ തിരിച്ചറിയൽ - പരിസ്ഥിതി സംരക്ഷണം - പരിസ്ഥിതി വെല്ലുവിളികൾ - പരിഹാരങ്ങൾ | 1 മുതൽ 4 വരെ | ജൂൺ ജൂലൈ | നിരീക്ഷണം പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ക്ലാസ് അധ്യാപകർ. വിദഗ്ധർ |
| | ബോധവൽക്കരണ ക്ലാസുകൾ - ഫീൽഡ് ട്രിപ്പുകൾ പോസ്റ്റർ നിർമാണം. കൃഷിയിടത്തിലേക്ക് കർഷകരുമായി അഭിമുഖം | " | | നാട്ടറിവുകൾ ശേഖരണം. | |
| 2. | ശുചിത്വശീലങ്ങൾ (വ്യക്തി, പരിസരം - സമൂഹം) പോസ്റ്റർ രചന ബോധവൽക്കരണ ക്ലാസുകൾ. ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഉപയോഗിച്ച് പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ - ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ. | 1 - 4 | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | ശുചിത്വ ബോധമുള്ള വ്യക്തിയേയും സമൂഹത്തെയും സൃഷ്ടിക്കുക. | അധ്യാപകർ CPTA. |
| 3. | സ്വാതന്ത്ര്യ സമര സേനാനികളുടെ പതിപ്പ് നിർമാണം - കുറിപ്പ് തയ്യാറാക്കൽ | 3, 4 | " | ധീരദേശാഭിമാനികളെ കുറിച്ചറിയൽ | |
| 4. | ജൈവ വൈവിധ്യ പാർക്ക് / പച്ചക്കറിതോട്ട നിർമാണം പരിപാലനം, ചെടിത്തോട്ട നിർമാണം. സ്കൂളിലും വീട്ടിലും. | | ഒക്ടോബർ മുതൽ ഡിസംബർ | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക. | പഞ്ചായത്ത് |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 5. | ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. ആരോഗ്യ-കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | 1- A | ജൂൺ മുതൽ മാർച്ച് വരെ പാഠഭാഗവുമായി ബന്ധപ്പെടുത്തി | ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കുക. ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ അകറ്റുക. | അധ്യാപകർ രക്ഷിതാക്കൾ. ക്ലബ്ബ്. |
| 6. | പഠനോപകരണങ്ങളുടെ പ്രദർശനം. | | ഫെബ്രുവരി മാർച്ച്. | | CPTA അധ്യാപകർ |

# ഗണിതം.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ലക്ഷ്യം | ചുമതല |
|---|---|---|---|---|---|
| 1. | ഗണിതപ്പാട്ടുകൾ, ഗണിത കേളികൾ, ഗണിതക്കിറ്റ് ഒരുക്കൽ, ഗണിതമൂല, വിവിധതരം ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ, നിർമ്മാണം - സവിശേഷത കണ്ടെത്തൽ, സംഖ്യാകാർഡുകൾ, സംഖ്യാമാലനിർമ്മാണം അബാക്കസ്, ഡൊമിനോ കളി, പാറ്റേണുകൾ സംഖ്യാവ്യാഖ്യാനം, സ്ഥാനവില പോക്കറ്റ്, കളിനോട്ട്, ഗണിവ ഉപയോഗിച്ച് പ്രശ്നപരിഹരണം നടത്തുന്നു. | 1 മുതൽ 4 വരെ | ജൂൺ മാസം മുതൽ സെപ്തംബർ വരെ. | സംഖ്യാ ബോധം ഉറപ്പാക്കുക. വസ്തുക്കളെ സംഖ്യകൾ ഉപയോഗിച്ച് അവതരിപ്പിക്കാനും വ്യാഖ്യാനിക്കാനും ചെയ്യാനുള്ള കഴിവ് നേടുന്നു. | ക്ലാസ് അധ്യാപകർ |
| 2. | ഗണിതാശയങ്ങൾ കമ്പ്യൂട്ടർ സഹായത്തോടെ ഉറപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ ആരോഹണം- അവരോഹണം അളവുതൂക്കങ്ങൾ കളിനോട്ടുകൾ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്ന നിർധാരണം. | " | മാസത്തിൽ രണ്ടു പ്രാവശ്യം. ഒക്ടോബർ മുതൽ മാർച്ച് വരെ | പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള കഴിവ് നേടുന്നു. | അധ്യാപകർ രക്ഷിതാക്കൾ |
| 3. | ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ ഉല്ലാസഗണിതപ്രവർത്തനങ്ങൾ | 1 - 4 | " | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 4. | പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നിർമിക്കുന്ന ചാർട്ടുകൾ, ജ്യാമിതീയ രൂപങ്ങൾ - ഗണിത കേളികൾ - ഗണിതപ്പാട്ടുകൾ - പാറ്റേണുകൾ - പസിലുകൾ - ഗണിത ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ - ജീവിതകഥകൾ എന്നിവ ഉൾപ്പെടുത്തി ഗണിത മാഗസിൻ നിർമാണം. | 1 - 4 | നവംബർ ഡിസംബർ ജനുവരി ഫെബ്രുവരി മാർച്ച് | കണ്ടും കേട്ടും അറിഞ്ഞും നേടിയ അറിവുകൾ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. | അധ്യാപകർ രക്ഷിതാക്കൾ, PTA |